File No.SJD/1605/2020-SC3

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :19/05/2021
Email –swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: –സാമൂഹ്യ നീതി വകുപ്പ്– കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം തന്നെ മഴക്കാല പ്രതിരോധ പ്രവർത്തനങ്ങളും സംയോജിപ്പിച്ച് നടത്തുന്നത് സർക്കുലർ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1.സാമൂഹ്യ നീതി ഡയറക്ടറുടെ നിർദ്ദേശം.

2. ഈ കാര്യാലയത്തിലെ 22/03/2020 തീയതിയിലെ SJD/4454/2020–PC4. നമ്പർ സർക്കുലർ.

3. ഈ കാര്യാലയത്തിലെ 13/03/2020 തീയതിയിലെ SJD/64/2020–D2. നമ്പർ കത്ത്.

4. ഈ കാര്യാലയത്തിലെ 20/03/2020 തീയതിയിലെ SJD/64/2020–D2. നം സർക്കുലർ.

5. ഈ കാര്യാലയത്തിലെ 01/10/2020 തീയതിയിലെ SJD/1605/2020–SC3. നം സർക്കുലർ.

6. ഈ കാര്യാലയത്തിലെ 24/04/2021 തീയതിയിലെ SJD/1605/2020–SC3. നം സർക്കുലർ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു .സാമൂഹ്യ നീതി വകുപ്പിന്റെ കോവിഡ് വൈറസ് നിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാരുടേയും വയോജനങ്ങളുടേയും , ട്രാൻസ്ജെന്റർ വ്യക്തികളുടേയും സുരക്ഷയെ മുൻനിർത്തി വിവിധങ്ങളായ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മുതിർന്ന പൗരൻമാർക്കുള്ള വാക്സിനേഷൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളിൽ സന്ദർശകരെ നിരോധിച്ചു കൊണ്ട് സൂചന (3) പ്രകാരവും , സ്ഥാപനങ്ങളിൽ നിന്നും അവധിയിൽ പോയവരുടെ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് സൂചന (4) പ്രകാരവും, ക്ഷേമസ്ഥാപനങ്ങളിലെ ദൈനംദിനപ്രവർത്തനങ്ങൾ ജീവനക്കാരുടെ ജോലി സമയമുൾപ്പെടെ സുരക്ഷിതമായി ക്രമീകരിക്കുന്നതനുള്ള പൊതു നിർദ്ദേശം സൂചന (5) പ്രകാരവും പുറപ്പെടുവിച്ചിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നത് ഉറപ്പാക്കുവാൻ സൂചന (6) പ്രകാരം ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന അപ്രതീക്ഷിതമായ മഴക്കെടുതിയും , ചുഴലിക്കാറ്റ് ഭീഷണിയും, അതുപോലെ തന്നെ ജൂൺ , ജൂലൈ മാസങ്ങളിലെ മൺസൂൺ സീസൺ ഉൾപ്പെടെ മഴക്കെടുതി മുന്നിൽ കണ്ടു കൊണ്ട് നിലവിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം ചേർന്ന് വകുപ്പിന്റെ മഴക്കാല പൂർവ്വ പ്രതിരോധ

പ്രവർത്തനങ്ങളും കൂടി ഫലപ്രദമായ രീതിയിൽ ഏകോപിപ്പിച്ച് മുന്നോട്ട് പോകേണ്ടതായുണ്ട് .ആയതിലേക്കായി സാമൂഹ്യ നീതി വകുപ്പിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ നോഡൽ ഓഫീസർമാരായ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ മേൽ സർക്കുലർ നിർദ്ദേശങ്ങൾക്കൊപ്പം പ്രസ്തുത പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ചുവടെ പറയുന്ന മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾക്കും കൂടി നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

1. തെരുവിൽ അലയുന്ന ആൾക്കാരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അടിയന്തിരമായി കോവിഡ് മാനദണ്ഡപ്രകാരം സുരക്ഷിതമായയി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. മഴക്കാല സമയത്ത് സഹായം ആവശ്യമുള്ള ഭിന്നശേഷിക്കാർ , മുതിർന്ന പൗരൻമാർ എന്നിവർ വിടുകളിൽ ഒറ്റപ്പെട്ട് പോകുവാതിരിക്കാനായി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി മുതിർന്ന പൗരൻമാരുടെ സേവനാർത്ഥം ജില്ലാ തലങ്ങളിൽ പ്രവർത്തിക്കുന്ന വയോക്ഷേമ കോൾ സെന്ററിന്റേയും , അനുബന്ധമായി പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകളുടേയും പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.
3. സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ സുരക്ഷ ഉറപ്പാക്കേണ്ടതും ദുരന്തനിവാരണ ഘട്ടത്തിൽ ഇത്തരക്കാർക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും നൽകേണ്ടതുമാണ്.
4. സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ദുരന്തനിവാരണ ഘട്ടത്തിൽ താമസക്കാർക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും നൽകേണ്ടതുമാണ്.
5. 60 വയസ്സിനു മുകളിലുള്ളവർ, ഭിന്നശേഷിക്കാർ, ട്രാൻസ് ജൻഡർ വ്യക്തികൾ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചേർന്നാൽ ഇവരെ സൌകര്യപ്രദമായി താമസപ്പിക്കേണ്ടതും ഇവർക്ക് ആവശ്യമായ സേവനങ്ങളുടെ ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.
6. ഭിന്നശേഷിക്കാർ , വയോജനങ്ങൾ എന്നിവർ ക്യാമ്പിൽ എത്തപ്പെട്ടാൽ ഇവർക്കുള്ള സഹായ ഉപകരണങ്ങൾ, മരുന്നുകൾ ലഭ്യത ഉറപ്പാക്കേണ്ടതാണ്. ക്യാമ്പുകളിൽ ഭിന്നശേഷി സൗഹൃദ- വയോ സൗഹൃദ സൗകര്യങ്ങൾ ഒട്ടും തന്നെ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ അനുയോജ്യമായ പുനരധിവാസ സ്ഥാപനങ്ങളിൽ COVID പ്രൊട്ടോക്കോൾ പാലിച്ച് താൽക്കാലികമായി താമസിപ്പിക്കാവുന്നതാണ്.
7. മാനസിക വെല്ലുവിളി നേരിടുന്നവർ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവർക്ക് ക്യാമ്പുകളിൽ വിവേചനം നേരിടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
8. സാമൂഹ്യ നീതി വകുപ്പിന് താഴെത്തട്ടിൽ കാര്യാലയങ്ങൾ ഇല്ലാത്തതിനാൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനം മേൽ പ്രവർത്തനങ്ങൾക്ക് ഉറപ്പാക്കേണ്ടതാണ്. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ , CBO കൾ എന്നിവയുടെ സഹകരണം കൂടി ലഭ്യമാക്കാവുന്നതാണ്.

for സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.
എല്ലാ സ്ഥാപന സൂപ്രണ്ടുമാർക്കും.

മെമ്പർ സെക്രട്ടറി, OCB